# Bodhigram-Rachana Foundation
# Book Festival 2025
## July 31 - August 05
Bodhigram Adoor Centre,

9447416577
8301870991

www.bodhigram.org

മാന്യമിത്രമേ,

മലയാളികളുടെ വായന സംസ്കാരത്തെ പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കുറെ എഴുത്തുകാരും പ്രസാധകരും വായനക്കാരും മുൻകൈയെടുത്ത് രൂപീകരിച്ചിട്ടുള്ള പുസ്തകപ്രേമി സംഘത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ജില്ലകളിൽ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന പ്രതിമാസ പുസ്തക മേളയുടെ ആദ്യപതിപ്പ് 2025 ജൂലൈ 31 ന് അടൂർ ബോധിഗ്രാമത്തിൽ ആരംഭിക്കുകയാണ്. ആറ് ദിവസം നിരവധി പരിപാടികളോടെ എല്ലാദിവസവും രാവിലെ 9 മുതൽ രാത്രി 8 വരെ നടക്കുന്ന ഈ സാംസ്കാരിക മേളയിൽ പ്രസാധകർ എന്ന നിലയിൽ താങ്കളുടെ സ്ഥാപനത്തിന്റെ സാന്നിദ്ധ്യമുണ്ടാകണമെന്ന് അഭ്യർത്ഥിക്കാനാണ് ഈ കത്ത്.

രണ്ടു രീതിയിൽ പ്രസാധകർക്ക് ഇതിൽ പങ്കെടുക്കാം.

1) പത്ത് ചതുരശ്ര അടി (6.5 x 1.5) വിസ്തീർണ്ണമുള്ള ടേബിളുകൾ ആവശ്യാനുസരണം ബുക്ക് ചെയ്യാം. ഒരു ഡെസ്കിന് 6 ദിവസത്തേക്ക് 1000 രൂപയാണ് വാടക. മറ്റ് ഹാൾ വാടകയൊന്നുമില്ല. 10 അടി x 10 അടി സ്റ്റാളിൽ പരമാവധി 8 ടേബിളുകൾ ഇടാം. 6 ദിവസവും ആവശ്യത്തിന് സ്റ്റാഫിനെ നിയോഗിച്ച് പ്രസാധകർ സ്റ്റാൾ നേരിട്ട് മാനേജ് ചെയ്യേണ്ടതാണ്.

2) മേൽപ്പറഞ്ഞ രീതിയിൽ ടേബിളുകൾ ബുക്ക് ചെയ്യാൻ കഴിയാത്തവർക്ക് അവരുടെ പുസ്തകങ്ങൾ രചനാ ബുക്സിനെ ഏൽപ്പിക്കാം. പുസ്തകങ്ങൾ 30.07.2025ന് വൈകിട്ട് 5 മണിക്ക് മുമ്പ് നേരിട്ടോ APS വഴിയോ അടൂർ ബോധിഗ്രാമിൽ എത്തിക്കണം. വിൽക്കുന്ന പുസ്തകങ്ങൾക്ക് 50% ഡിസ്കൗണ്ട് രചനയ്ക്ക് നൽകേണ്ടതാണ്. വിൽക്കാത്ത പുസ്തകങ്ങൾ 05.08.2025 വൈകിട്ട് 7 മണിക്ക് മുൻപ് തിരികെ വാങ്ങി കണക്ക് സെറ്റിൽ ചെയ്യാവുന്നതാണ്. (ആവശ്യമെങ്കിൽ APS വഴി അവ തിരിച്ചയക്കുന്ന ചുമതല രചന ഏറ്റെടുക്കും)

എല്ലാ മലയാള പുസ്തങ്ങൾക്കും 25% വും ഇംഗ്ലീഷ് പുസ്തകങ്ങൾക്ക് 15% ഡിസ്കൗണ്ട് നൽകേണ്ടതാണ്.

ആവശ്യമുള്ള ഡെസ്കുകളുടെ 50% വാടക 30.07.2025ന് മുമ്പ് രചനാ ബുക്സിൽ ക്യാഷ് ആയോ ഡി.ഡി ആയോ ഗൂഗിൾ പേ വഴിയോ അടയ്ക്കേണ്ടതാണ്. (ഗൂഗിൾ പേ നം. 9447416577)

2024, 2025 വർഷങ്ങളിൽ നിങ്ങൾ പ്രസിദ്ധീകരിച്ച ഏറ്റവും പ്രധാനപ്പെട്ട പുതിയ പുസ്തകങ്ങളും സ്ഥിരമായ വായന മൂല്യമുള്ള മുൻകാല പുസ്തകങ്ങളും മേളയിൽ എത്തിക്കാം. 20.07.25ന് മുൻപ് പുതിയ കാറ്റലോഗിന്റെ (അച്ചടി/ഫോട്ടോസ്റ്റാറ്റ്) ഒരു കോപ്പി എത്തിച്ചുതരുന്നത് സൗകര്യപ്രദമായിരിക്കും.

വിശ്വാസപൂർവ്വം

**കെ.ഭാസ്കരൻ**
ചെയർമാൻ
രചന ഫൗണ്ടേഷൻ

12/07/2025